കളുടെ പ്രവർത്തനം ചില സാധാരണ നിയമങ്ങൾക്ക് വിധേയമാക്കണമെന്നു മാത്രമേ അദ്ദേഹം ആവശ്യപ്പെടുന്നുള്ളു. സൊസൈററികൾ രജിസ്റ്റർ ചെയ്യുന്നതിന് ഇപ്പോഴുള്ള നിയമങ്ങൾ ഏറെക്കുറെ അങ്ങനെ തന്നെ രാഷ്ട്രീയപ്പാർട്ടികൾക്കും ബാധകമാക്കണമെന്നാണ്, ചുരുക്കത്തിൽ, അദ്ദേഹം നിർദ്ദേശിക്കുന്നത്.

രാഷ്ട്രീയപ്പാർട്ടികളുടെ പണപ്പിരിവു നിയമാനുസൃതമാക്കുമ്പോൾ, ഓരോ സ്ഥാനാർത്ഥിയുടെയും ന്യായമായ തിരഞ്ഞെടുപ്പുചെലവ് സർക്കാർ വഹിക്കണമെന്നും ശ്രീ സുബ്രഹ്മണ്യം പറയുന്നുണ്ട്. ഇതു ചെയ്യാത്ത പക്ഷം അഴിമതി ഇന്നത്തേതിലും എത്രയോ അധികം മൂർച്ഛിക്കുമെന്നു മുന്നറിയിപ്പും അദ്ദേഹം നല്കുന്നു.

ഇന്ത്യൻ ജനാധിപത്യത്തിൻെറ നല്ല പഴയ കാലത്ത് കേന്ദ്ര ധനകാര്യ മന്ത്രിയായിരുന്നു ശ്രീ സുബ്രഹ്മണ്യം. രാജാജിയുടെ കീഴിൽ പരിശീലനം നേടിയ, പഴക്കവും തഴക്കവുമുള്ള, ഒരു രാഷ്ട്രീയ പ്രവർത്തകനാണ് അദ്ദേഹം. അദ്ദേഹത്തിൻെറ മിതമായ നിർദ്ദേശങ്ങൾ രാഷ്ട്രീയപ്രവർത്തകരും പൊതുജനങ്ങളും ഗൗരവത്തോടെ പരിഗണിക്കേണ്ടതുണ്ട്.

പക്ഷേ, ഈ നിർദ്ദേശങ്ങളെ ആരാനും പരിഗണിക്കുമോ? അഴിമതി അത്രയൊന്നും ഗൗരവമുള്ള ഒരു പ്രശ്നമല്ലെന്നാണല്ലോ കേന്ദ്ര ഗവൺമെൻറിൻെറ പ്രഖ്യാപിതാഭിപ്രായം. രാഷ്ട്രീയപ്പാർട്ടികൾക്കാണെങ്കിൽ, ഇന്നത്തേക്കാൾ മെച്ചപ്പെട്ട ഒരു വ്യവസ്ഥിതിയെപ്പററി സങ്കല്പിക്കാൻതന്നെ പ്രയാസമായിരിക്കും. എത്രയെങ്കിലും പണം എവിടെനിന്നെങ്കിലും സംഭരിക്കുന്നതിനുള്ള അനിയന്ത്രിതമായ അധികാരം അവർ കൈവിടുമോ? പത്രങ്ങളിൽ ശ്രീ സുബ്രഹ്മണ്യത്തിൻെറ പ്രസംഗം ഒരു ചലനവും ഉളവാക്കിയതായി കാണുന്നില്ല. 'ഹിന്ദു' ഒഴികെ മററൊരു പത്രവും അതു റിപ്പോർട്ടു ചെയ്യുകപോലും ഉണ്ടായില്ല. പിന്നെയുള്ളതു പൊതുജനങ്ങളാണ്. പാവം പൊതുജനങ്ങൾ! അവരെപ്പററി എന്തു പറയാൻ?

26 ജൂലൈ, 1982

# 33. പുനരപി

പുനരപി ജനനം പുനരപി മരണം
പുനരപി ജനനീ ജഠരേ ശയനം
ഇഹ സംസാരേ ബഹുദുസ്താരേ
കൃപയാ പാരേ പാഹി മുരാരേ!

ശങ്കരാചാര്യർ രചിച്ചതും സുപ്രസിദ്ധവുമായ 'മോഹമുദ്ഗരം' എന്ന സ്തോത്രത്തിലുള്ളതാണ് ഈ പദ്യം. 'അജ്ഞാനത്തിന് ഒരു ഇരുമ്പുലക്ക' എന്നാണ് സ്തോത്രത്തിൻെറ പേരിൻെറ അർത്ഥം. സാധാരണ സ്തോത്രങ്ങളിൽ പതിവുള്ളതുപോലെ ഏതെങ്കിലും രൂപത്തിൽ സങ്കല്പിക്കപ്പെട്ട ഈശ്വരനെ വാഴ്ത്തുകയല്ല ഈ സ്തോത്രംകൊണ്ട് ഉദ്ദിഷ്ടം എന്ന് ആ പേരുതന്നെ വെളിവാക്കുന്നു. ജീവിതത്തെ സംബന്ധിച്ച സർവജനീനങ്ങളായ ചില തെററിദ്ധാരണകൾ തിരുത്താനും ശരിയായ ജീവിതമൂല്യങ്ങൾ സരളമായി പ്രതിപാദിക്കാനും ആണ് ഈ കൃതിയിൽ ശങ്കരാചാര്യർ ശ്രമിക്കുന്നത്. ഈ അംശത്തിൽ ബൈബിളിലെ 'കർത്താവിൻെറ പ്രാർത്ഥന'യോട് ഇതിനു സാമ്യമുണ്ട്.

ഇവിടെ ഉദ്ധരിച്ച പദ്യം ജീവിതം സംബന്ധിച്ച ഹിന്ദു-ബൗദ്ധ–

ജൈനസങ്കല്പത്തെ വിവരിക്കുന്നു. അനാദിയും അനന്തവുമായി, നിരന്തരം പ്രവഹിച്ചുകൊണ്ടിരിക്കുന്ന ഒന്നാണ് പ്രപഞ്ചജീവിതം. ഇതിന്റെ മറെറാരു പേരത്രേ 'സംസാരം'. ഒഴുകിക്കൊണ്ടിരിക്കുന്നതു് എന്നാണ് ആ വാക്കിന്റെ അർത്ഥം. പുഴയുടെ പര്യായമായ 'സരിത്തു്' എന്ന പദത്തിന്റെ അർത്ഥവും അതുതന്നെ. ശാശ്വതമായ ഈ പ്രപഞ്ചജീവിത പ്രവാഹത്തിൽ വ്യക്തികൾ ആവിർഭവിക്കുകയും തിരോഭവിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. അവർ പിന്നെയും ജനിക്കുന്നു, പിന്നെയും മരിക്കുന്നു. പിന്നെയും മറെറാരു അമ്മയുടെ ഗർഭപാത്രത്തിൽ ഊറിക്കൂടുന്നു. ഈ ചങ്ങല മുറിയാതെ തുടരുന്നു. ഇതൊരു സുഖകരമായ അനുഭൂതിയല്ല. ഇടയ്ക്കു ചില ചില്ലറ രസങ്ങളെല്ലാമുണ്ടെങ്കിലും, ആത്യന്തികമായി നോക്കുമ്പോൾ ദുഃഖമയമാണ് ഈ പ്രക്രിയ. ഇതിൽനിന്നു് വ്യക്തിക്കു മോചനമുണ്ട്; താൻ ആരെന്നതിനെപ്പററി ശരിയായ ജ്ഞാനമുണ്ടായാൽപ്പിന്നെ ആ വ്യക്തിക്കു 'സംസാര'മില്ല. പക്ഷേ സംസാരത്തിൽനിന്നു് അങ്ങനെ എളുപ്പത്തിലൊന്നും ആർക്കും രക്ഷപ്പെടാനാവില്ല. അപാരവും അക്കരകടക്കാൻ അത്യന്തം പ്രയാസവുമായ ഒരു മഹാസമുദ്രംതന്നെയാണതു്, ഈശ്വരന്റെ കൃപകൊണ്ടു മാത്രമേ വ്യക്തിയുടെ ജീവനു് ഈ ജന്മമരണ പ്രക്രിയയ്ക്കുമേൽ ഉയരാൻ സാധിക്കുകയുള്ളു. ഇതാണു ചുരുക്കത്തിൽ ഈ പദ്യത്തിന്റെ അർത്ഥം.

നമ്മുടെ 'രാഷ്ട്രീയ'വും ഇത്തരമൊരു അഴിയാച്ചങ്ങല മാത്രമാണോ? നിയമസഭ പിരിച്ചുവിട്ടതോടെ നമ്മുടെ ജനാധിപത്യം 'ജനനീ ജഠര'ത്തിലുള്ള ശയനം ആരംഭിച്ചതായിരുന്നു. മെയ് 19–ാം തീയതി തിരഞ്ഞെടുപ്പു പ്രഖ്യാപിച്ചിട്ടുണ്ടല്ലോ. അന്നു് ജനാധിപത്യത്തിന്റെ വീണ്ടുമുള്ള ജനനം ഉണ്ടാകുമെന്നാണു പ്രതീക്ഷ. ജനിക്കുന്നതു ചാപിള്ളയായിക്കൂടെന്നില്ല. നിർണയത്തിലെത്താത്ത തിരഞ്ഞെടുപ്പുകളും അപൂർവമല്ല. ജീവനോടെ ജനിച്ചാൽത്തന്നെ, എന്തെല്ലാം ബാലാരിഷ്ടങ്ങളാണ് നമ്മുടെ ജനാധിപത്യശിശുവിനു നേരിടേണ്ടിവരുകയെന്നു് ആർക്കറിയാം? അടുത്ത കാലത്തെ അനുഭവംവെച്ചു നോക്കുമ്പോൾ കേരളത്തിൽ പിറക്കാൻ പോകുന്ന ജനാധിപത്യത്തിന്റെ ബാല്യം ശോഭനമാകുമെന്നു് കരുതാൻ വലിയ വഴിയൊന്നുമില്ല. ഭാഗ്യാന്വേഷികൾ തല്ക്കാല സൗകര്യത്തിനുവേണ്ടി തട്ടിപ്പടച്ചുണ്ടാക്കുന്ന മുന്നണികളാണല്ലോ ഇവിടെ തിരഞ്ഞെടുപ്പിനു നില്ക്കുന്നതു്. പാശ്ചാത്യ ജനാധിപത്യത്തിലെ ഒരു അടിസ്ഥാന സങ്കല്പമാണ് 'പാർട്ടി' എന്നതു്. സമഗ്രവും വ്യക്തവുമായ ഒരു രാഷ്ട്രീയ ദർശനമുള്ളവരും പൊതുജീവിതത്തിനു സ്വയം സമർപ്പിച്ചവരും ഏതു സമയത്തും പൊതുജനങ്ങളുടെ വിധിക്കു വഴങ്ങാൻ തയ്യാറുള്ളവരുമായ കുറെ വ്യക്തികളുടെ ഏറെക്കുറെ ശാശ്വതസ്വഭാവമുള്ള ഒരു പരസ്യ സംഘടനയാണ് ജനാധിപത്യത്തിൽ പാർട്ടി. അത്തരം 'പാർട്ടി'കൾ ഇന്ത്യയിൽ ഇല്ലാതായിക്കൊണ്ടിരിക്കുകയാണ്. കേരളത്തിൽ അവ പൂർണമായും അപ്രത്യക്ഷമായിരിക്കുന്നു എന്നു പറയാം.

ഇവിടെയുള്ളതു് പാർട്ടികളല്ല, മുന്നണികളാണ്. ഈ മുന്നണികളുടെ ഘടകങ്ങളെ 'പാർട്ടികൾ' എന്നു വിളിക്കുന്നതു ശരിയായിരിക്കുകയില്ല. 'ഫാക്ഷൻ' എന്ന പേരാണ് അവയ്ക്കു് ഉചിതം. പാർട്ടികൾ പൊട്ടിത്തെറിച്ചുണ്ടായ ഖണ്ഡങ്ങളാണ് അവ എല്ലാംതന്നെ. ഒന്നിനും വ്യക്തമോ സമഗ്രമോ ആയ രാഷ്ട്രീയക്കാഴ്ചപ്പാടില്ല. അതിനാൽ ഒരു ഫാക്ഷനും മറെറാരു ഫാക്ഷനും തമ്മിലുള്ള വ്യത്യാസം എന്തെന്നു സാധാരണക്കാരനു മനസ്സിലാവാനും പ്രയാസം. അവ തമ്മിലുള്ള വ്യത്യാസം യഥാർത്ഥത്തിൽ, അവയുടെ നേതൃത്വസ്ഥാനത്തിരിക്കുന്നവർ വ്യത്യസ്ത വ്യക്തികളാണെന്നതു മാത്രമാണ്. തല്ക്കാലത്തെ സൗകര്യത്തിനുവേണ്ടി കൂറു മാറുന്നവരാണ് ഇവരിലധികവും. ഇപ്പോൾ തിരഞ്ഞെടുപ്പിനു നില്ക്കുന്നവർ

തന്നെ അവരുടെ ഹ്രസ്വമായ രാഷ്ട്രീയ ജീവിതത്തിൽ എത്രതവണ കൂറു മാറിയിട്ടുള്ളവരാണെന്ന് ആലോചിച്ചുനോക്കുക. ഇവരിൽ മിക്കവർക്കും പൊതുസേവനം എന്നതു് ഒരു തൊഴിൽ (കരിയർ) മാത്രമാണ്. മററു തൊഴിൽ കിട്ടാത്തതിനാൽ, അല്ലെങ്കിൽ കിട്ടിയ തൊഴിലിന് അന്തസ്സും വരുമാനവും പോരാത്തതിനാൽ, പൊതുസേവനത്തിൽ വന്നുപെട്ടവർ ഇക്കൂട്ടത്തിൽ എത്രയുണ്ടെന്ന് ചിന്തിച്ചുനോക്കുക. തിരഞ്ഞെടുപ്പുസമയത്തല്ലാതെ മററപ്പോഴെങ്കിലും പൊതുജനാഭിപ്രായത്തിനു വഴങ്ങാൻ തയ്യാറുള്ളവർ ഇവരിൽ വളരെ ചുരുക്കമാണ്. അങ്ങനെ പൊതുജനാഭിപ്രായത്തിനു വഴങ്ങാൻ തയ്യാറുണ്ടെങ്കിൽ തിരഞ്ഞെടുപ്പിലൂടെ കിട്ടിയ പദവി നിലനിർത്തിക്കൊണ്ട് കൂടെക്കൂടെ കൂറുമാറുവാൻ ഇവർക്കെങ്ങനെ കഴിയുന്നു? ലെനിൻ, മഹാത്മാഗാന്ധി, മാവോ സിഡോങ് മുതലായ താരതമ്യേന അടുത്ത കാലത്തു ജീവിച്ചു, പൊതുപ്രവർത്തകരുമായി ഇവരെ താരതമ്യപ്പെടുത്തണമെന്ന് ആരും പറയുകയില്ല. പക്ഷേ, പത്തോ ഇരുപതോ കൊല്ലം മുമ്പുവരെ നമ്മുടെ നാട്ടിൽ ജീവിച്ചിരുന്ന, സാധാരണരിൽ സാധാരണരായിരുന്ന, പൊതുപ്രവർത്തകരുമായി താരതമ്യപ്പെടുത്താവുന്നവർതന്നെ ഇക്കൂട്ടത്തിൽ എത്രയുണ്ട്? ഇവർ സൗകര്യാർത്ഥം തട്ടിപ്പടച്ചുണ്ടാക്കിയ മുന്നണികൾക്ക് എത്രമാത്രം സ്ഥിരത കൈവരും?

ആ നിലയിൽ, ജനനം കഴിഞ്ഞു് ഏറെ താമസിയാതെ നമ്മുടെ ജനാധിപത്യത്തിനും 'പുനരപി മരണം' വന്നുപെട്ടാൽ, അതിൽ വ്യസനിക്കാൻ വളരെയൊന്നുമില്ല. മരണത്തിനു മുമ്പുള്ള കഠിനമായ യാതനകളും, 'ചക്ര'ശ്വാസംവലികളും, കിതപ്പുകളും പിടച്ചിലുകളും ഒക്കെ കാണുമ്പോൾ, ഇതൊന്നു വേഗം മരിച്ചുകിട്ടിയാൽ മതിയായിരുന്നു എന്ന്, മുമ്പെന്നപോലെ ഇനിയും, സാധാരണ ജനങ്ങൾ പ്രാർത്ഥിച്ചുകൂടെന്നില്ല. അങ്ങനെ വല്ലപാടും മരിച്ചാൽ, പിന്നീട് ഏറിയോ കുറഞ്ഞോ ഉള്ള കാലത്തേക്ക് കേന്ദ്രഭരണമാകുന്ന 'ജനനീ ജഠര'ത്തിൽ നമ്മുടെ ജനാധിപത്യത്തിനു വീണ്ടും കിടക്കേണ്ടിയുംവരാം.

സംസാരത്തിൽനിന്നു വ്യക്തികൾക്കെന്നപോലെ, ഈ അല്പായുര്യോഗത്തിൽനിന്നു നമ്മുടെ ജനാധിപത്യത്തിനു മോചനമില്ലേ? ഉണ്ടാവണം എന്നു നാം ആശിക്കുന്നു. കാരണം, സദ്ഭരണം ജനങ്ങൾക്കു ലഭിക്കണമെങ്കിൽ സർക്കാരിനു താരതമ്യേന സ്ഥിരതയും ദീർഘായുസ്സും ഉണ്ടായിരിക്കണം. അപ്പപ്പോൾ ക്രമസമാധാനങ്ങൾ നിലനിർത്തി ജനങ്ങൾക്കു രക്ഷാബോധം നല്കണമെങ്കിൽത്തന്നെ ഇതാവശ്യമാണ്. ദീർഘകാലംകൊണ്ട് നിർവഹിക്കേണ്ട വികസനപദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിൽ വരുത്തുവാൻ സ്ഥിരതയുള്ള ഗവണ്മെന്റിനേ കഴിയൂ. കേരളത്തിൽ ഗവണ്മെന്റിന്റെ അസ്ഥിരതയുടെ ഫലം, നമ്മുടെ കൃഷിയുടെയും കയർ, കശുവണ്ടി, കൈത്തറി മുതലായ പാരമ്പര്യ വ്യവസായങ്ങളുടെയും തകർച്ചയിലൂടെ നാം വ്യക്തമായി കാണുന്നുണ്ട്. ആധുനിക വ്യവസായങ്ങളുടെ കാര്യത്തിൽ കേരളം ഇന്ത്യയിലെ ഏററവും പിന്നിൽ നില്ക്കുന്ന സ്റ്റേററുകളുടെ കൂട്ടത്തിലൊന്നാവാൻ ഈ രാഷ്ട്രീയ-അസ്ഥിരതയല്ലാതെ വേറെ കാരണമെന്താണ്? നമ്മുടെ പൊതു ജീവിതത്തിൽ ഇന്ന് അടിഞ്ഞുകൂടി ചീഞ്ഞുനാറുന്ന മാലിന്യങ്ങളുടെ സ്രോതസ്സ് ഈ രാഷ്ട്രീയ-അസ്ഥിരതയല്ലാതെ വേറെ എന്തായിരിക്കാം?

ചുരുക്കത്തിൽ, അല്പവിഭവന്മാരും അല്പബുദ്ധികളും, ഒരു നൈതികധാരണയുമില്ലാത്തവരും, അധികാര-ധനദുർമോഹികളും ആയ രാഷ്ട്രീയ ഭാഗ്യാന്വേഷികളുടെ താല്ക്കാലികസൗകര്യ കൂട്ടുകെട്ടുകളിൽനിന്നു കേരളത്തിലെ പൊതുജീവിതത്തെ മോചിപ്പിക്കുവാൻ ആരുടെ കൃപയ്ക്കു വേണ്ടിയാണ് നാം പ്രാർത്ഥിക്കേണ്ടതു്? ഈശ്വരന്റേയോ? 'നിന്റെ കർമഫലം; നീ തന്നെ അനുഭവിക്കുക,' എന്നാവില്ലേ പ്രാർത്ഥനയ്ക്കു് ഈശ്വരന്റെ മറുപടി?